**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 750** **14-01-2021 - ൽ മറുപടിയ്ക്ക്**

**അംബേദ്കർ ഗ്രാമ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി . എ . അഹമ്മദ് കബീർ** | | **Shri A. K. Balan**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പമന്ത്രി)** | |
| (എ) | അംബേദ്കർ ഗ്രാമ പദ്ധതി പ്രകാരം മങ്കട നിയോജക മണ്ഡലത്തിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | പ്രസ്തുത പദ്ധതി പ്രകാരം മങ്കട നിയോജക മണ്ഡലത്തിൽ നിന്നും 2016-17 സാമ്പത്തിക വർഷത്തിൽ തെരഞ്ഞെടുത്തിട്ടുള്ള കളത്തിൽ ചാളക്കൽ പട്ടികജാതി കോളനി, ചൊവ്വാണ എസ്.സി.കോളനി എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ 75% പൂർത്തീകരിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം ടി പദ്ധതി പ്രകാരം അമ്പലപ്പറമ്പ് കോളനിയെ തെരഞ്ഞെടുക്കുകയും എസ്റ്റിമേറ്റ് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട് |
| (ബി) | 2020-21 സാമ്പത്തികവർഷം പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള കോളനികളേത്; പ്രസ്തുത കോളനികളിലെ പ്രവർത്തനപുരോഗതി എന്തെല്ലാമാണ്; വ്യക്തമാക്കാമോ; | (ബി) | 2020-21 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതി പ്രകാരം കോളനികളെ തെരഞ്ഞെടുത്തിട്ടില്ല. |
| (സി) | ഈ പദ്ധതി പ്രകാരം തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള കോളനികൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ എന്തെല്ലാമാണ്? | (സി) | പ്രസ്തുത പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്ന കോളനികളിൽ താഴെ പറയുന്ന വികസന പ്രവർത്തനങ്ങൾ ഫണ്ടിന്റെ ലഭ്യതയ്ക്കും കോളനിയിലെ സാദ്ധ്യതകൾക്കും കോളനി നിവാസികളുടെ താൽപര്യങ്ങൾക്കും വിധേയമായി നടപ്പാക്കുന്നു. 1. ഇന്റേണൽ റോഡ്/ഫുട്പാത്ത് 2. ആശയ വിനിമയ സൗകര്യം 3. കുടിവെള്ള സൗകര്യങ്ങൾ 4. ഡ്രെയിനേജ് സൗകര്യങ്ങൾ 5. വൈദ്യുതീകരണം/ വീടുകളിലേക്കുള്ള സോളാർ വൈദ്യുതീകരണം 6. സോളാർ തെരുവു വിളക്ക് 7. സാനിറ്റേഷൻ 8. ഭവന പുനരുദ്ധാരണം 9. മാലിന്യ നിർമ്മാർജനം 10. പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ/കളിസ്ഥലം മുതലായവ(സ്ഥലം ലഭ്യമാണെങ്കിൽ) 11. സംരക്ഷണ ഭിത്തി നിർമ്മാണം 12. ഇറിഗേഷൻ 13. അടുക്കളത്തോട്ടം 14. വരുമാനദായക പദ്ധതികളായ മൃഗസംരക്ഷണം/ |

| | | | |
|---|---|---|---|
| | | | ഹോർട്ടികൾച്ചർ/ നെയ്ത്ത്/കരകൗശലം മുതലായവ (വനിതകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി) |

സെക്ഷൻ ഓഫീസർ